**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2574** **17-03-2022 - ൽ മറുപടിയ്ക്ക്**

**നൂതന വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സർവകലാശാലകളുടെയും എഞ്ചിനീയറിങ്ങ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ഗവേഷണ ഫലങ്ങൾ ഏറ്റെടുത്ത് പുതിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കാമോ; | (എ) | സർവകലാശാലകളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും വ്യാവസായിക സാധ്യതയുള്ള ഗവേഷണ ഫലങ്ങൾ സംരംഭകരിൽ എത്തിക്കുന്നതിന് പ്രസ്തുത സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ പരിശീലന പരിപാടികൾ നടത്തിവരുന്നുണ്ട്. ഇത് കൂടാതെ സർവകലാശാലകളുടെയും എഞ്ചിനീയറിങ്ങ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ഗവേഷണഫലങ്ങൾ സംരംഭമായി മാറ്റാൻ തയ്യാറാകുന്നവർക്ക് പ്രസ്തുത സംരംഭത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ വ്യവസായ വകുപ്പിന്റെ വിവിധ ഓഫീസുകൾ വഴി ഉറപ്പ് വരുത്തുന്നതാണ്. |
| (ബി) | സർവകലാശാലകളിലെയും സർക്കാർ/സ്വകാര്യ എഞ്ചിനീയറിങ്ങ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും കുട്ടികളുടെ ഗവേഷണ ഫലങ്ങൾ പ്രോത്സാഹനമില്ലാതെ എങ്ങുമെത്താതെ പോകുന്ന അവസ്ഥയ്ക്ക് പരിഹാരമാകുന്ന ഈ വിഷയത്തിൽ പ്രത്യേക പരിഗണന കൊടുക്കുമോ; | (ബി) | സർവകലാശാലകളിലെയും സർക്കാർ/സ്വകാര്യ എഞ്ചിനീയറിങ്ങ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും കുട്ടികളിൽ സംരംഭകത്വം വളർത്തി അവരുടെ ആശയങ്ങളും ഗവേഷണഫലങ്ങളും ലാഭകരമായ വ്യവസായ സംരംഭങ്ങളായി മാറ്റാനുള്ള പരിശീലനവും ബോധവത്കരണവും നൽകുന്നതിന് സ്കൂൾ, കോളേജ് തലങ്ങളിൽ ഇ.ഡി ക്ലബ്ബുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. ഇത് കൂടാതെ സർവകലാശാലകളുടെയും എഞ്ചിനീയറിങ്ങ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ഗവേഷണഫലങ്ങൾ സംരംഭമായി മാറ്റാൻ തയ്യാറാകുന്നവർക്ക് പ്രസ്തുത സംരംഭത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ വ്യവസായ വകുപ്പിന്റെ വിവിധ ഓഫീസുകൾ വഴി ഉറപ്പ് വരുത്തുന്നതാണ്. |
| (സി) | ഉപയോഗമില്ലാതെ കിടക്കുന്ന ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ഇതിലൂടെ പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കാമോ? | (സി) | ഉപയോഗമില്ലാതെ കിടക്കുന്ന ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ഇതിലൂടെ പുനരുദ്ധരിക്കാൻ നിലവിൽ പദ്ധതികൾ ഇല്ല. |

സെക്ഷൻ ഓഫീസർ